**097/2025-M**

| | | | |
|---|---|---|---|
| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ | |

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

# 097/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണസ്വരാജ് പ്രഖ്യാപിച്ചത് ഏത് സമ്മേളനത്തിൽ വെച്ചാണ്?

   (A) നാഗ്പൂർ (B) ബോംബെ

   (C) ലാഹോർ (D) അലഹബാദ്

2. തിരുവിതാംകൂർ ഭരണാധികാരിയായ മാർത്താണ്ഡവർമ്മ കർഷകരായ സൈനികർക്ക് അവരുടെ സേവന കാലഘട്ടത്തിൽ നൽകിയിരുന്ന നികുതിയിളവ് ഏതു പേരിലാണ് അറിയപ്പെട്ടത്?

   (A) തൃപ്പടിദാനം (B) ഇറയിളി

   (C) പതിവുകണക്ക് (D) പണ്ടാരവക

3. കേരളത്തിൽ ബ്രിട്ടീഷുകാരുടെ പ്രത്യക്ഷഭരണത്തിൻ കീഴിലുണ്ടായിരുന്ന പ്രദേശം :

   (A) കൊച്ചി (B) കൊല്ലം

   (C) തിരുവിതാംകൂർ (D) മലബാർ

4. 'ഒന്നേകാൽകോടി മലയാളികൾ' എന്ന ഗ്രന്ഥം രചിച്ചത് :

   (A) S.K. പൊറ്റക്കാട് (B) E.M. ശങ്കരൻ നമ്പൂതിരിപ്പാട്

   (C) V.S. അച്ച്യുതാനന്ദൻ (D) ഉറൂബ്

5. ശുദ്ധിപ്രസ്ഥാനം ഏത് പരിഷ്കരണപ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ്?

   (A) ആര്യസമാജം (B) ബ്രഹ്മസമാജം

   (C) അലിഗഢ് പ്രസ്ഥാനം (D) സമത്വസമാജം

6. 1925 ജൂണിൽ അഴീക്കൽതീരത്തിന് 44 നോട്ടിക്കൽ മൈൽ അകലെ വെച്ച് കത്തിയമർന്ന കപ്പൽ കൊളംബോയിൽനിന്ന് മുംബൈയിലെ ഏത് തുറമുഖത്തേക്കാണ് യാത്രതിരിച്ചത്?

   (A) ട്രോംബെ (B) ജയ്ഗഡ്

   (C) വിജയ്ദുർഗ് (D) നവഷേവാ

7. താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?

I. കാറ്റിലൂടെ തിരശ്ചീനതലത്തിൽ താപം വ്യാപിക്കുന്ന പ്രക്രിയ ആണ് അഭിവഹനം.

II. കാറ്റിലൂടെ തിരശ്ചീനതലത്തിൽ താപം വ്യാപിക്കുന്ന പ്രക്രിയ ആണ് താപചാലനം.

III. കാറ്റിലൂടെ തിരശ്ചീനതലത്തിൽ താപം വ്യാപിക്കുന്ന പ്രക്രിയ ആണ് സംവഹനം.

(A) I ശരി
(B) II ശരി
(C) III ശരി
(D) ശരി ഏതും ഇല്ല

8. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടാത്ത രാജ്യം ഏത്?

I. നേപ്പാൾ

II. ബംഗ്ലാദേശ്

III. അഫ്ഗാനിസ്ഥാൻ

IV. ഭൂട്ടാൻ

(A) I & IV ശരി
(B) III മാത്രം ശരി
(C) II മാത്രം ശരി
(D) II & IV ശരി

9. ഇന്ത്യയുടെ കിഴക്കേ അറ്റത്തുള്ള രേഖാംശം :

(A) 97° 25' കിഴക്ക്
(B) 77° 6' കിഴക്ക്
(C) 68° 7' കിഴക്ക്
(D) 82° 32' കിഴക്ക്

10. പഞ്ചാബ്-ഹരിയാന സമതലത്തിന്റെ രൂപീകരണത്തിന് കാരണമാകുന്ന നദി :

(A) ലൂണി
(B) ഗംഗ
(C) ബ്രഹ്മപുത്ര
(D) സിന്ധു

11. പഹൽഗാം തീവ്രവാദ ആക്രമണത്തെ തുടർന്ന് ഇന്ത്യ പാകിസ്ഥാനിലേക്കൊഴുകുന്ന ചിനാബ് നദിയിലെ നീരോഴുക്കു തടയാൻ അടച്ച ഡാം ഏത്?

I. ഭക്രാനംഗൽ ഡാം

II. ഫരാക്കെ ഡാം

III. സർദാർ സരോവർ

IV. ഭഗ്ലിഹാർ

(A) I
(B) IIയും IIIയും
(C) IV
(D) IIIയും Iയും

12. കേരളത്തിൽ സർക്കാർ നടപ്പാക്കുന്ന വേതന തൊഴിൽ പദ്ധതി ഏത്?

(A) സുഭിക്ഷ കേരളം
(B) കാരുണ്യ
(C) നിരാമയ
(D) ജീവനം

13. 'നഷ്ടപരമായ നശീകരണം' എന്ന ആശയം ആവിഷ്കരിച്ചത് ഇവരിലാരാണ്?

(A) ജെ.എ. ഷുംപീറ്റർ
(B) ഡേവിഡ് റിക്കാർഡോ
(C) കാൾ മാർക്സ്
(D) ജെ.എം. കെയിൻസ്

14. സാധനങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദനപ്രക്രിയയിൽ ഒരു രാജ്യം അഭിമുഖീകരിക്കുന്ന അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളിൽ സാങ്കേതികവിദ്യയുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത് ചുവടെ തന്നിരിക്കുന്ന ഏതു ചോദ്യത്തിലാണ്?

(A) എന്ത് ഉത്പാദിപ്പിക്കണം?
(B) എങ്ങനെ ഉത്പാദിപ്പിക്കണം?
(C) ആർക്കുവേണ്ടി ഉത്പാദിപ്പിക്കണം?
(D) എത്ര അളവിൽ ഉത്പാദിപ്പിക്കണം?

15. താഴെ തന്നിരിക്കുന്നതിൽ ഏത് വിഭാഗമാണ് സാമൂഹിക സുരക്ഷാ കോഡ് 2020ൽ ഉൾപ്പെടാത്തത്?

(A) ദിവസ വേതനക്കാർ
(B) ഗിഗ് - പ്ലാറ്റ്ഫോം തൊഴിലാളികൾ
(C) സർക്കാർ ജിവനക്കാർ
(D) അതിഥി തൊഴിലാളികൾ

16. വരും തലമുറയ്ക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള കഴിവിൽ കുറവ് വരാതെ ഇന്നത്തെ തലമുറ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിര വികസനം. ഈ പ്രസ്താവന മുന്നോട്ടുവച്ചത് :

(A) ബ്രണ്ട്ലാന്റ് കമ്മീഷൻ
(B) കോത്താരി കമ്മീഷൻ
(C) മൽഹോത്ര കമ്മീഷൻ
(D) ബ്രട്ടൻവുഡ് സമ്മേളനം

17. ഒരു പ്രദേശത്തെ ഇരുപത് അംഗങ്ങളോളം വരുന്ന ആളുകൾ ഒത്തുചേർന്ന് ചെറിയ സംഘങ്ങൾ രൂപീകരിക്കുന്നു. ഓരോ അംഗവും നിശ്ചിത തുക സംഘത്തിൽ നിക്ഷേപിക്കുന്നു. ബാങ്കുകൾ ഈ സംഘങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നു. അങ്ങനെ രണ്ടു രീതിയിൽ കിട്ടിയ പണം മൂലധനമാക്കി അംഗങ്ങൾക്ക് വായ്പ നൽകുന്നു. ഈ സമ്പ്രദായമാണ് :

(A) ഓഹിരി വിപണി
(B) മ്യൂച്വൽ ഫണ്ട്
(C) ലൈഫ് ഇൻഷ്വറൻസ്
(D) മൈക്രോ ഫിനാൻസ്

18. ഇന്ത്യയുടെ പതിനാറാം ധനകാര്യ കമ്മീഷന്റെ ചെയർമാൻ :

(A) നന്ദ് കിഷോർ സിംഗ്
(B) ഡോ. അരവിന്ദ് പനഗരിയ
(C) വൈ.വി. റെഡ്ഡി
(D) അഭിജിത് സെൻ

19. 'ഒരു രാജ്യം അതിന്റെ മണ്ണ് മാത്രമല്ല, ഒരു രാജ്യം അതിന്റെ ജനങ്ങളാണ്!' എന്ന വരികൾ ഉദ്ധരിച്ചാണ് കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ 2025ലെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഈ വരികൾ എഴുതിയത് :

(A) ഗുരജഡ അപ്പറാവു
(B) രവീന്ദ്രനാഥ ടാഗോർ
(C) ഓ.എൻ.വി. കുറുപ്പ്
(D) ഡോ. സിദ്ധലിങ്കയ്യ

20. ഇറാൻ-ഇസ്രായേൽ യുദ്ധത്തെ തുടർന്ന് ഇറാനിൽ നിന്നും ഇന്ത്യക്കാരെ ഇന്ത്യയിലേക്ക് എത്തിക്കുവാനുള്ള നടപടി അറിയപ്പെടുന്നത് എന്തുപേരിൽ?

(A) "ഓപ്പറേഷൻ സിന്ദൂർ"
(B) "ഓപ്പറേഷൻ സിന്ധു"
(C) "ഓപ്പറേഷൻ ഗംഗ"
(D) "ഓപ്പറേഷൻ ശക്തി"

21. ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട വകുപ്പ് 19ൽ പെടാത്ത പ്രസ്താവന ഏത്?

(A) സംസാര സ്വാതന്ത്ര്യവും ആവിഷ്ക്കാര സ്വാതന്ത്ര്യവും
(B) ആയുധങ്ങളില്ലാതെ സമാധാനപരമായി സമ്മേളിക്കുക
(C) നിയമത്തിനുമുമ്പിൽ എല്ലാരും തുല്യരാണ്
(D) ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുക

22. 'സോഷ്യലിസം, മതേതരത്ത്വം' എന്ന രണ്ടു പദങ്ങൾ 42-ആം ഭേദഗതിയിലൂടെ ഭരണഘടനയുടെ ഏത് ഭാഗത്താണ് കൂട്ടിച്ചേർത്തത്?

(A) ആമുഖം
(B) മൗലികകടമകൾ
(C) നിർദ്ദേശകതത്ത്വങ്ങൾ
(D) മൗലിക അവകാശങ്ങൾ

23. "സുതാര്യവും ഊർജ്ജസ്വലവുമായ സർക്കാർ പദ്ധതി, ചുവപ്പുനാടയില്ലാതെ എല്ലാവരിലേക്കും സുരക്ഷിതവും വേഗത്തിലുള്ളതുമായ വിവരങ്ങൾ എത്തിച്ചേരുന്നു. വിവേചനമില്ലാതെ എല്ലാ പൗരന്മാർക്കും ലഭ്യമാകുന്ന പദ്ധതി." ഇ-ഗവേണൻസിനെക്കുറിച്ചുള്ള ഈ പ്രസ്താവന ആരുടേതാണ്?

(A) നരേന്ദ്ര മോദി
(B) പിണറായി വിജയൻ
(C) രാജേന്ദ്ര വിശ്വനാഥ് അർലേക്കർ
(D) A.P.J. അബ്ദുൾകലാം

24. ചേരുംപടി ചേർക്കുക :

| | A | | B |
|---|---|---|---|
| (i) | യൂണിയൻ ലിസ്റ്റ് | (a) | വനം |
| (ii) | സംസ്ഥാന ലിസ്റ്റ് | (b) | സൈബർ നിയമങ്ങൾ |
| (iii) | കൺകറന്റ് ലിസ്റ്റ് | (c) | സെൻസസ് |
| (iv) | അവശിഷ്ടാധികാരം | (d) | ജയിലുകൾ |

(A) (i)-(c) (ii)-(d) (iii)-(a) (iv)-(b)
(B) (i)-(c) (ii)-(d) (iii)-(b) (iv)-(a)
(C) (i)-(a) (ii)-(b) (iii)-(d) (iv)-(c)
(D) (i)-(b) (ii)-(c) (iii)-(d) (iv)-(a)

25. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന ഏത്/ഏതൊക്കെ?

I. 73ഉം 74ഉം ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത്.

II. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിലവിൽ വന്നത് 1990ലാണ്.

III. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ആദ്യ കമ്മീഷണർ സുകുമാർ സെൻ ആയിരുന്നു.

IV. കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഇപ്പോഴത്തെ മുഖ്യ തെരഞ്ഞടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ആണ്.

(A) IIയും IVയും
(B) IIയും IIIയും
(C) Iയും IIയും
(D) IIIയും IVയും

26. കേരളത്തിലെ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന കുറ്റങ്ങൾ റിപ്പോർട്ട് ചെയ്യുന്ന വ്യക്തിക്ക് നൽകുന്ന പാരിതോഷികം താഴെ പറയുന്നവയിൽ ഏതാണ്?

(A) Rs. 5,000
(B) Rs. 2,000
(C) Rs. 2,500
(D) ഈടാക്കുന്ന പിഴയുടെ 25% അല്ലെങ്കിൽ പരമാവധി Rs.2,500

27. ദരിദ്രരിൽ ദരിദ്രരായ ജനവിഭാഗത്തിന് തുച്ഛമായ വിലക്ക് ഭക്ഷ്യ ധാന്യങ്ങൾ നൽകുന്ന കേന്ദ്ര സർക്കാരിന്റെ പദ്ധതി ഏത്?

(A) മഴവിൽ പദ്ധതി
(B) ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി
(C) അന്ത്യോദയ അന്നയോജന പദ്ധതി
(D) ഇവയൊന്നുമല്ല

28. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവന കണ്ടെത്തുക :

(A) കേരളത്തിൽ ആദ്യമായി തൊഴിൽ വകുപ്പ് രൂപീകരിച്ചത് 1946ലാണ്.
(B) ഇതിനുള്ള നിർദ്ദേശം നൽകിയത് സി.പി. രാമസ്വാമി അയ്യർ ആണ്.
(C) ഇതിനുള്ള ഉത്തരവ് ഇറക്കിയത് ശ്രീമൂലം തിരുന്നാൾ രാജാവാണ്.
(D) 1946 വരെ വ്യവസായ വകുപ്പിന്റെ ഭാഗമായിരുന്നു തൊഴിൽ വകുപ്പ്.

29. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ രാജ്യസഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/പ്രസ്താവനകൾ ഏവ?

I. രാജ്യസഭയുടെ കാലാവധി 6 വർഷമാണ്.

II. രാജ്യസഭ പാർലമെന്റിന്റെ അധോമണ്ഡലമാണ്.

III. രാജ്യസഭാ അംഗമാകാനുള്ള കുറഞ്ഞ പ്രായം 25 വയസ്സ് ആണ്.

IV. എല്ലാ സംസ്ഥാനങ്ങളിൽ നിന്നും രാജ്യസഭാ അംഗങ്ങളുടെ പ്രാതിനിധ്യം തുല്ല്യമാണ്.

(A) I, II and III
(B) എല്ലാ പ്രസ്താവനകളും തെറ്റാണ്
(C) എല്ലാ പ്രസ്താവനകളും ശരിയാണ്
(D) III and IV

30. 'MGNREGA'യുടെ പൂർണ്ണരൂപം ഏത്?

(A) മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയിമെന്റ് ഗ്യാരന്റി ആക്ട്
(B) മഹാത്മാഗാന്ധി നാഷണൽ റിസേർച്ച് ആന്റ് എംപ്ലോയിമെന്റ് ജനറൽ ആക്ട്
(C) മഹാത്മാഗാന്ധി നാച്ചുറൽ റീഹാബിലിറ്റേഷൻ ആന്റ് എനർജി ഗ്യാരന്റി ആക്ട്
(D) മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയിമെന്റ് ജനറേറ്റിങ് ആക്ട്

31. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന/പ്രസ്താവനകൾ ഏതൊക്കെയാണ്?

I. ജമ്മു കാശ്മീരിന് പ്രത്യേക പദവി മുൻപ് നൽകിയിരുന്ന വകുപ്പായിരുന്നു വകുപ്പ് 370.

II. 2018ൽ ജമ്മു കാശ്മീരിന്റെ സംസ്ഥാന പദവി നഷ്ടപ്പെട്ടു.

III. ഇപ്പോൾ ജമ്മു കാശ്മീർ രണ്ടു കേന്ദ്ര ഭരണ പ്രദേശങ്ങളാണ്.

IV. ജമ്മു കാശ്മീർ നാഷണൽ കോൺഫറൻസ് ഇവിടുത്തെ ഒരു പ്രധാന പ്രാദേശിക രാഷ്ട്രീയ പാർട്ടിയാണ്.

(A) III and IV
(B) I
(C) II
(D) I and II

32. രാജ്യത്ത് ആദ്യമായി വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ വയോജന കമ്മീഷൻ ബിൽ നിയമസഭ പാസ്സാക്കി ഗവർണറുടെ അംഗീകാരത്തിനായി അയച്ച ഇന്ത്യൻ സംസ്ഥാനം ഏത്?

(A) തമിഴ്നാട്
(B) കർണ്ണാടക
(C) മഹാരാഷ്ട്ര
(D) കേരളം

33. "സുരക്ഷാനയം" ഏതിന്റെ മുദ്രാവാക്യം ആണ്?

(A) KSEB
(B) KSDMA
(C) KSMHA
(D) KITTS

34. CRISPR-Cas9 സാങ്കേതിക വിദ്യയുടെ പ്രധാന പ്രയോജനങ്ങൾ എന്തെല്ലാം?

(A) ജീൻ തെറാപ്പി
(B) കാർഷിക വിളകളുടെ മെച്ചപ്പെടുത്തൽ
(C) ഗോരചികിത്സ
(D) മുകളിൽ പറഞ്ഞതെല്ലാം

35. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ശരിയായ വാക്സിന്റേയും, അസുഖത്തിന്റേയും ജോഡി തിരഞ്ഞെടുത്തെഴുതുക :

(A) BCG – ഹെപ്പറ്റൈറ്റിസ് ബി
(B) OPV – പോളിയോ
(C) MR – റോട്ടാവൈറസ്
(D) PCV – ക്ഷയം

36. ഓസോൺ പാളിയുടെ ശോഷണത്തിന് പ്രധാനകാരണമായ രാസവസ്തു ഏതാണ്?

(A) ക്ലോറോഫ്ലൂറോകാർബണുകൾ (CFCs)
(B) കാർബൺഡൈ ഓക്സൈഡ്
(C) മീഥെയ്ൻ
(D) നൈട്രസ് ഓക്സൈഡ്

37. വിറ്റാമിൻ Dയുടെ അപര്യാപ്തതമൂലമുണ്ടാകുന്ന രോഗം ഏതാണ്?

(A) റിക്കറ്റ്സ്
(B) സ്കർവി
(C) പെല്ലഗ്ര
(D) ഓസ്റ്റിയോപോറോസിസ്

38. 'ആരോഗ്യകേരളം' പദ്ധതിയുടെ പ്രധാന ഉദ്ദേശം എന്താണ്?

(A) എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക
(B) തുരിതാശ്വാസ ക്യാമ്പുകൾ സ്ഥാപിക്കുക
(C) ആരോഗ്യ സേവനങ്ങൾ ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളിലേക്കെത്തിക്കുക
(D) കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുക

39. തലച്ചോറിന്റെ പ്രധാനപ്പെട്ട ഭാഗമായ സെറിബ്രത്തേക്കുറിച്ചുള്ള പ്രസ്താവനകൾ താഴെ കൊടുത്തിരിക്കുന്നു. ശരിയായിട്ടുള്ളത് തിരഞ്ഞെടുത്തെഴുതുക.

I. സെറിബ്രം മനുഷ്യന്റെ തലച്ചോറിന്റെ ഏറ്റവും വലിയ ഭാഗമാണ്.
II. ഹൃദയമിടിപ്പ്, ശ്വസനം, രക്ത സമ്മർദ്ദം തുടങ്ങിയ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു.
III. നമ്മുടെ ശരീരത്തിന്റെ സംതുലിതാവസ്ഥ കാക്കാൻ സഹായിക്കുന്നു.
IV. ചിന്തനം, ഓർമ്മ, ബുദ്ധിമുട്ടുകൾ പരിഹരിക്കൽ, ഭാഷ, തീരുമാനങ്ങൾ എന്നിവയെ നിയന്ത്രിക്കുന്നത് സെറിബ്രമാണ്.

(A) I & IV
(B) I & II
(C) II & IV
(D) III & IV

40. ഏതാണ് ജീവിതശൈലി രോഗങ്ങൾക്ക് കാരണം ആകുന്നത്?

(A) പരിസ്ഥിതി മലിനീകരണം
(B) പ്രകൃതിദുരന്തങ്ങൾ
(C) അനിയന്ത്രിതമായ ഭക്ഷണ ശീലം
(D) വൈറസ് ആക്രമണം

41. അമ്ലമഴയുടെ pH മൂല്യം ഏകദേശം :

(A) 5.6ൽ താഴെ
(B) 5.6ൽ കൂടുതൽ
(C) 7.0 തുല്യം
(D) 7.0 കൂടുതൽ

42. ഏതൊരു പ്രവവർത്തനത്തിനും തുല്യവും വിപരീതവുമായ ഒരു പ്രതി പ്രവർത്തനം ഉണ്ടായിരിക്കും. ഇത് ന്യൂട്ടന്റെ എത്രാമത്തെ ചലന നിയമമാണ്?

(A) ഒന്നാം ചലനനിയമം
(B) രണ്ടാം ചലനനിയമം
(C) മൂന്നാം ചലനനിയമം
(D) നാലാം ചലനനിയമം

43. വൈദ്യുതകാന്തിക തരംഗങ്ങളിൽ ആവൃത്തി ഏറ്റവും കൂടിയ തരംഗം ഏതാണ്?

(A) ഗാമാകിരണം
(B) X-കിരണം
(C) U.V കിരണം
(D) റേഡിയോ കിരണം

44. ഭൂമിയുടെ കേന്ദ്രത്തിൽ ഗ്രാവിറ്റി മൂലമുള്ള ത്വരണം 'g' യുടെ മൂല്യം :

(A) 9.8 $m/s^2$
(B) 0 $m/s^2$
(C) 11.2 km/s
(D) 7.92 km/s

45. ലോകത്തിലെ ഏറ്റവും വേഗത കൂടിയ high-speed train CR450 അനാച്ഛാദനം ചെയ്ത രാജ്യം :

(A) ജപ്പാൻ
(B) ഫ്രാൻസ്
(C) ജർമ്മനി
(D) ചൈന

46. നാസയിലെ ബഹിരാകാശ യാത്രികരായ സുനിത വില്യംസും ബാരിവിൽമോറും 2024 ജൂൺ മുതൽ 2025 മാർച്ച് വരെ '9' മാസകാലം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഗവേഷണത്തിനു ശേഷം ഭൂമിയിലേക്ക് മടങ്ങിയത് ഏത് വാഹന ത്തിലായിരുന്നു?

(A) സ്റ്റാർ ലൈനർ
(B) അറ്റ്ലസ് V
(C) സ്പേസ് X ക്രൂഡ്രാഗൺ
(D) ഫാല്ക്കൺ 9

47. 132 g കാർബൺ ഡൈ ഓക്സൈഡിൽ എത്ര മോൾ $CO_2$ അടങ്ങിയിരിക്കുന്നു എന്ന് കണ്ടെത്തുക :

(A) 1 മോൾ
(B) 2 മോൾ
(C) 3 മോൾ
(D) 4 മോൾ

48. ഒരു നിശ്ചിത താപനിലയിൽ പൂരിതമാകാൻ ആവശ്യമായതിൽ കൂടുതൽ ലീനം ലയിച്ചു ചേർന്ന ലായനിയെ പറയുന്ന പേര് എന്ത്?

(A) അതിപൂരിത ലായനി
(B) അപൂരിത ലായനി
(C) പൂരിത ലായനി
(D) ജലീല ലായനി

49. സ്ഥിരകാന്തങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്നത് ഏത് ലോഹസങ്കരമാണ്?

(A) അൽനിക്കോ
(B) നിക്രോം
(C) സ്റ്റെയിൻലെസ് സ്റ്റീൽ
(D) ഡ്യുറാലുമിൻ

50. ഒരു ചരക്ക് കപ്പൽ അപകടത്തിൽ പെട്ടാൽ അതിലെ കണ്ടെയ്നറുകളിൽ കാത്സ്യം കാർബൈഡ് ഉണ്ടെങ്കിൽ അതിന് ജലവുമായി സമ്പർക്കമുണ്ടാകുമ്പോൾ പുറത്തു വരുന്ന വാതകം ഏത്?

(A) ഹൈഡ്രജൻ
(B) അസറ്റ്ലീൻ
(C) നൈട്രജൻ
(D) കാർബൺ ഡൈ ഓക്സൈഡ്

51. പ്രോട്ടീനുകളുടെ ത്രിമാനഘടന പ്രവചിക്കാൻ സഹായിക്കുന്ന നിർമിത ബുദ്ധി ഉപകരണം (AI ടൂൾ) ഏത്?

(A) ഡീപ് മൈൻഡ്
(B) ചാറ്റ് ബോട്ട്
(C) ആൽഫാ ഫോൾഡ്
(D) ക്ലോഡ്

52. 2024-25 അധ്യയനവർഷം മുതൽ കേരള സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തിയ ഗോത്ര കലാരൂപങ്ങൾ താഴെകൊടുത്തിട്ടുള്ളവയിൽ ഏതെല്ലാമാണ്?

1. പണിയ നൃത്തം
2. പളിയ നൃത്തം
3. ഇരുള നൃത്തം
4. മംഗലം കളി
5. മിഥുവ നൃത്തം
6. മലപുലയ ആട്ടം

(A) 1, 3, 5, 2, 4
(B) 6, 3, 2, 4, 5
(C) 1, 2, 3, 6, 5
(D) 1, 2, 3, 4, 6

53. താഴെ കൊടുത്തിരിക്കുന്നവരിൽ 2024-ലെ മേജർ ധ്യാൻചന്ദ് ഖേൽരത്ന അവാർഡ് ജേതാക്കൾ ആരെല്ലാം?

1. ഗുകേഷ് ഡി.
2. ഹർമൻപ്രീത് സിംഗ്
3. പ്രവീൺ കുമാർ
4. മനു ബാക്കർ

(A) 1, 4, 2
(B) 1, 3, 2
(C) 2, 3, 4
(D) 1, 2, 3, 4

54. 2025 ജൂണിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ കമാന പാലം :

(A) ഗോദാവരി ആർച്ച് പാലം
(B) ചെനാബ് റെയിൽവേ പാലം
(C) പാമ്പൻ റെയിൽവേ പാലം
(D) കൊങ്കൺ റെയിൽവേ പാലം

55. ചേരുംപടി ചേർക്കുക :

| | |
|---|---|
| (i) നിരീശ്വരൻ | (a) വി. ഷിനിലാൽ |
| (ii) മീശ | (b) ഹരിതസാവിത്രി |
| (iii) ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ | (c) എസ്. ഹരീഷ് |
| (iv) സമ്പർക്കക്രാന്തി | (d) വി.ജെ. ജയിംസ് |
| | (e) എൻ.എസ്. മാധവൻ |

(A) (i)-(d), (ii)-(c), (iii)-(e), (iv)-(a)
(B) (i)-(c), (ii)-(d), (iii)-(e), (iv)-(a)
(C) (i)-(a), (ii)-(e), (iii)-(c), (iv)-(b)
(D) (i)-(b), (ii)-(c), (iii)-(e), (iv)-(d)

56. കേരള സർക്കാരിന്റെ പരമോന്നത സാഹിത്യബഹുമതി :

(A) വള്ളത്തോൾ പുരസ്ക്കാരം
(B) വയലാർ അവാർഡ്
(C) എഴുത്തച്ഛൻ പുരസ്ക്കാരം
(D) ഓടക്കുഴൽ അവാർഡ്

57. ശരിയായ ജോഡികൾ കണ്ടെത്തുക :

1. വൈശാഖ മഹോത്സവം - കൊട്ടിയൂർ ക്ഷേത്രം
2. വൃശ്ചികോത്സവം - തളി ക്ഷേത്രം, കോഴിക്കോട്
3. പുത്തിരി തിരുവപ്പന - ശ്രീ മുത്തപ്പൻ ക്ഷേത്രം, പറശ്ശിനിക്കടവ്
4. പൈങ്കുനി ഉത്സവം - കൽപാത്തി, പാലക്കാട്

(A) 1, 2, 3
(B) 1, 3
(C) 1, 2, 4
(D) 3, 2

58. 2025-ൽ യുനെസ്കോയുടെ മെമ്മറി ഓഫ് വേൾഡ് രജിസ്റ്ററിൽ ഇടംപിടിച്ച രണ്ട് ഇന്ത്യൻ ഗ്രന്ഥങ്ങൾ ഏതെല്ലാമാണ്?

1. ഭഗവത് ഗീത
2. നാട്യശാസ്ത്രം
3. രാമായണം
4. യജുർവേദം

(A) 1, 3
(B) 2, 4
(C) 1, 2
(D) 3, 2

59. നെറ്റ്‌വർക്കിലുൾപ്പെട്ടിരിക്കുന്ന കമ്പ്യൂട്ടറുകൾക്ക് സ്വയം ഐ.പി.വിലാസം ലഭ്യമാകുന്ന സാങ്കേതിക വിദ്യയാണ് __________.

(A) ഇന്റർനെറ്റ് പ്രോട്ടോക്കോൾ
(B) ഫയൽ ട്രാൻസ്ഫർ പ്രോട്ടോക്കോൾ
(C) ഡൈനാമിക് ഹോസ്റ്റ് കോൺഫിഗറേഷൻ പ്രോട്ടോകോൾ
(D) സിമ്പിൾ നെറ്റ്‌വർക്ക് മാനേജ്മെന്റ് പ്രോട്ടോകോൾ

60. താഴെപ്പറയുന്നവയിൽ ഒരു ഡാറ്റാബേസ് മാനേജ്മെന്റ് സിസ്റ്റം അല്ലാത്തത് ഏത്?

(A) MySQL
(B) Oracle
(C) Microsoft Access
(D) LibreOffice Impress

61. __________ ഒരു സ്വതന്ത്രവിവര വിനിമയ നവ സാമൂഹിക മാധ്യമം ആണ്.

(A) ഡയാസ്പൊറ
(B) ഫേസ്ബുക്ക്
(C) റ്റ്വിറ്റർ
(D) വാട്ട്സ്ആപ്പ്

62. 2025 ജനുവരിയിൽ ചൈനീസ് കമ്പനി അവതരിപ്പിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ചാറ്റ്ബോട്ട് ആണ് :

(A) ChatGPT
(B) DeepSeek
(C) Gemini
(D) Claude

63. ഇന്ത്യയിലെ ക്വാണ്ടം ഇൻഡസ്ട്രി വികസിപ്പിക്കുന്നതിനായി ആദ്യത്തെ ക്വാണ്ടം വാലി ടെക് പാർക്ക് ആരംഭിച്ചത് ഏത് നഗരത്തിലാണ്?

(A) ബെംഗളുരു
(B) ഹൈദരാബാദ്
(C) അമരാവതി
(D) പൂനെ

64. വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്തലിൽ നിന്ന് ഒഴിവാക്കാത്ത വിവരങ്ങൾ പ്രസ്താവിക്കുക.

(i) സംസ്ഥാന നിയമസഭയ്ക്ക് നിഷേധിക്കാനാവാത്ത വിവരങ്ങൾ

(ii) കാബിനറ്റ് പേപ്പറുകൾ

(iii) വിവരങ്ങൾ വെളിപ്പെടുത്തുന്നത് സംസ്ഥാന നിയമസഭയുടെ പ്രത്യേകാവകാശ ലംഘനത്തിനു കാരണം ആകും

(iv) മന്ത്രിമാരുടെ സമിതിയുടെ ചർച്ചകളുടെ രേഖകൾ

(A) (ii) മാത്രം (B) (i) മാത്രം

(C) ഇതൊന്നുമല്ല (D) (iii), (iv) മാത്രം

65. ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ ഏത് വകുപ്പിലാണ് ഉപഭോക്തൃ അവകാശങ്ങൾ നിർവചിച്ചിരിക്കുന്നത്?

(i) S. 11

(ii) S. 13

(iii) S. 8

(iv) S. 9

(A) (iv) (B) (iii)

(C) (i) (D) (ii)

66. ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് പട്ടിക ജാതിക്കാർക്കായുള്ള ദേശീയ കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്?

(i) 311

(ii) 319

(iii) 317

(iv) 338

(A) (iv) (B) (ii)

(C) (i) (D) (iii)

67. ഗാർഹിക പീഡന നിയമത്തിലെ 12ആം വകുപ്പ് പ്രകാരം ആർക്കൊക്കെ അപേക്ഷ നല്കാം.

(i) പീഡിപ്പിക്കപ്പെട്ട വ്യക്തിയ്ക്ക് മാത്രം

(ii) ഏതൊരാൾക്കും

(iii) പീഡിപ്പിക്കപ്പെട്ട വ്യക്തിക്കും പ്രൊട്ടക്ഷൻ ഓഫീസർക്കും മാത്രം

(iv) എല്ലാം ശരിയാണ്

(A) (iii) മാത്രം (B) (iv) മാത്രം

(C) (i), (iii) മാത്രം (D) (i) മാത്രം

68. പോക്സോ നിയമ പ്രകാരം കുട്ടിയുടെ നിർവചനത്തിൽ; വിഭാവനം ചെയ്യപ്പെട്ട പ്രായം :

(i) പതിനഞ്ച് വയസ്സിനു താഴെ

(ii) പതിനെട്ട് വയസ്സിനു താഴെ

(iii) പതിനാറു വയസ്സിനു താഴെയുള്ള ആൺകുട്ടികളും പതിനെട്ടു വയസ്സിനു താഴെയുള്ള പെൺ കുട്ടികളും

(iv) ഇതൊന്നുമല്ല

(A) (i) മാത്രം
(B) (iv) മാത്രം
(C) (ii) മാത്രം
(D) (iii) മാത്രം

69. പോക്സോ നിയമപ്രകാരം കൗമാരക്കാർക്കിടയിലെ ലൈംഗികതയെ അപ്പാടെ കുറ്റകരമാക്കുന്നത് ആശങ്കാജനകമാണെന്ന് പ്രതിപാദിക്കുന്ന ലോ കമ്മീഷൻ റിപ്പോർട്ട് :

(i) 173 റിപ്പോർട്ട്

(ii) 283 റിപ്പോർട്ട്

(iii) 144 റിപ്പോർട്ട്

(iv) 212 റിപ്പോർട്ട്

(A) (ii) മാത്രം
(B) (iv) മാത്രം
(C) (iii) മാത്രം
(D) (i), (ii) മാത്രം

70. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണ നിയമത്തിന്റെ S.2 (d) രക്ഷിതാവ്.

(i) ജൻമം നല്കിയ രക്ഷിതാവും, ദത്ത് എടുക്കുന്നവരും

(ii) രണ്ടാനച്ഛനും രണ്ടാനമ്മയും

(iii) (i), (ii) മാത്രം

(iv) (ii) മാത്രം

(A) (ii) മാത്രം
(B) (i) മാത്രം
(C) (iii) മാത്രം
(D) ഇതൊന്നുമല്ല

71. ഒരു മുറിയുടെ നീളവും വീതിയും യഥാക്രമം 10 മീ. 75 സെ.മീ.ഉം 8 മീ. 25 സെ.മീ.ഉം ആണ്. തറയിൽ ചതുരാകൃതിയിലുള്ള ടൈലുകൾ പാകണം. ടൈലിന്റെ സാധ്യമായ ഏറ്റവും വലിയ വലിപ്പം കണ്ടെത്തുക :

(A) 20 സെ.മീ. $\times$ 20 സെ.മീ.
(B) 25 സെ.മീ. $\times$ 25 സെ.മീ.
(C) 30 സെ.മീ. $\times$ 30 സെ.മീ.
(D) 15 സെ.മീ. $\times$ 15 സെ.മീ.

72. $9808 \times 625 =$ _______

(A) $6.13 \times 10^5$
(B) $613 \times 10^5$
(C) $61.3 \times 10^5$
(D) ഇവയൊന്നുമല്ല

73. A, B എന്നീ പൈപ്പുകൾ യഥാക്രമം 12 മണിക്കൂറും 15 മണിക്കൂറും കൊണ്ട് ഒരു ടാങ്ക് നിറയ്ക്കും. രണ്ട് പൈപ്പുകളും ഒരുമിച്ചു തുറന്നാൽ എത്ര മണിക്കൂർ കൊണ്ട് ടാങ്ക് നിറയും?

(A) 6 മണിക്കൂർ 40 മിനിറ്റ് (B) 5 മണിക്കൂർ 30 മിനിറ്റ്
(C) 4 മണിക്കൂർ 35 മിനിറ്റ് (D) 4 മണിക്കൂർ 20 മിനിറ്റ്

74. $\left(\frac{x}{y}\right)^{12} \cdot y^{24} \cdot (z^3)^4 =$ ________

(A) $(xyz)^6$ (B) $(xyz)^8$
(C) $(xyz)^{12}$ (D) $(xyz)^{24}$

75. രഘു ഒരു ബാങ്കിൽ നിന്നും വായ്പ എടുത്തു. ആദ്യ ഗഡുവായി രഘു 1000 രൂപ തിരിച്ച് അടച്ചു. ഓരോ മാസവും ഗഡു 150 രൂപ വീതം വർദ്ധിപ്പിച്ചാൽ 30ആമത്തെ ഗഡുവായി രഘു തിരിച്ച് അടയ്ക്കുന്ന തുക എത്രയാണ്?

(A) 4450 (B) 4750
(C) 5250 (D) 5350

76. ഒരു ദിവസം എത്ര തവണ ഒരു ക്ലോക്കിലെ സൂചികൾ പരസ്പരം ലംബ കോണിലായിരിക്കും?

(A) 12 (B) 24
(C) 44 (D) 48

77. WFB, TGD, QHG, ________

(A) NIK (B) NIJ
(C) OIK (D) OIJ

78. 5, 16, 51, 158, ________

(A) 452 (B) 481
(C) 470 (D) 485

79. ഒറ്റയാനെ കണ്ടെത്തുക :

(A) SORE (B) SOTLU
(C) MEJNIAS (D) NORGAE

80. 16/04/2020 തുടങ്ങി 9 മാസവും 5 ദിവസവും പൂർത്തിയാകുന്ന തീയതി :

(A) 16/01/2021 (B) 16/12/2020
(C) 22/01/2021 (D) 20/01/2021

81. Teacher could not help ______________ at the criticism.

(A) laughs (B) to laugh
(C) laughing (D) laugh

82. If I have the money, I ______________ a new dress for you.

(A) will buy (B) would buy
(C) would have bought (D) will have bought

83. My mother ______________ in this house for ten years.

(A) was living (B) had been living
(C) has been living (D) had lived

84. The poem tempts the readers to ponder ______________ the beauty of nature.

(A) in (B) after
(C) into (D) over

85. Give a one word substitute for ‘a person who loves books’ :

(A) Bibliophile (B) Omniscient
(C) Polyglot (D) Omnipotent

86. The correctly spelt word is :

(A) vacum (B) vaccum
(C) vacuum (D) vaccuum

87. What does the foreign phrase ‘vis a vis’ mean?

(A) in addition to (B) in relation to
(C) in contact with (D) in charge of

88. Sheep : Flock, Fish : ?

(A) Cluster (B) Colony
(C) Pod (D) School

89. Change into reported speech :

His father asked, “Do you think you know the lesson better than your teacher?”

(A) His father asked whether he thought he knew the lesson better than his teacher
(B) His father asked whether he thinks he knew the lesson better than his teacher
(C) His father asked whether he thought he know the lesson better than his teacher
(D) His father asked whether he think he did know the lesson better than his teacher

90. Expand “RDX” :

(A) Research Department for Explosives (B) Royal Defense Explosives
(C) Royal Demolition Explosive (D) None of the above

91. താഴെ പറയുന്നവയിൽ 'മകന്റെ ഭാര്യ' എന്നർത്ഥം വരുന്ന പദം ഏത്?
(A) ജാമാതാവ്
(B) പ്രപൗത്രി
(C) സ്നുഷ
(D) ദൗഹിത്രി

92. വ്യാകരണം പഠിപ്പിച്ചിട്ടുള്ളവൻ - ഒറ്റപ്പദമേത്?
(A) വ്യാകരണൻ
(B) വൈയാകരണൻ
(C) വ്യായാകരണൻ
(D) വേദപാരഗൻ

93. തെറ്റായ പുല്ലിംഗ - സ്ത്രീലിംഗ ജോഡി കണ്ടെത്തുക :
(A) ലേഖകൻ - ലേഖിക
(B) സ്വാമി - സ്വാമിനി
(C) ദേവൻ - ദേവി
(D) ജനകൻ - ജാനകി

94. കൊന്നമരം എന്ന അർത്ഥം വരാത്ത പദമേത്?
(A) ആരഗ്വധം
(B) കർണ്ണികാരം
(C) സുവർണ്ണകം
(D) സൗപർണ്ണം

95. അവസാനിപ്പിക്കുക എന്നർത്ഥം വരുന്ന ശൈലി ഏത്?
(A) ഭരതവാക്യം ചൊല്ലുക
(B) കച്ച കെട്ടുക
(C) ഭാണ്ഡം മുറുക്കുക
(D) നക്ഷത്രക്കാലെണ്ണുക

96. പരോപകാരം എന്ന പദം പിരിച്ചെഴുതിയാൽ :
(A) പരോ + ഉപകാരം
(B) പര + ഉപകാരം
(C) പരന് + ഉപകാരം
(D) പരൻ + ഉപകാരം

97. അന്തർമുഖൻ എന്ന പദത്തിന്റെ പിവരീത പദം :
(A) ബഹിർമുഖൻ
(B) അധോമുഖൻ
(C) ഏകമുഖൻ
(D) നാന്മുഖൻ

98. 'പാത്രമറിഞ്ഞ് ദാനം ചെയ്യണം' എന്ന പഴഞ്ചൊല്ലിന്റെ പൊരുൾ :
(A) ഭിക്ഷക്കാർക്ക് ദാനം നൽകണം
(B) ആളറിഞ്ഞ് ദാനം നൽകണം
(C) ബുദ്ധിയുള്ളവർക്ക് ദാനം നൽകണം
(D) എല്ലാവർക്കും ദാനം നൽകണം

99. തന്നിരിക്കുന്നവയിൽ തെറ്റായ ജോഡി ഏത്?
(A) ക്ഷിതി - ഭൂമി
(B) രുധിരം - ചോര
(C) കപോലം - തലയോട്ടി
(D) സുരൻ - ദേവൻ

100. തന്നിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?
(A) പരേതൻ ഒരു വയസ് പ്രായമുള്ള രണ്ട് ഇരട്ടക്കുട്ടികളുടെ പിതാവാണ്
(B) പരേതൻ ഒരു വയസ് മാത്രം പ്രായമുള്ള ഇരട്ടക്കുട്ടികളുടെ പിതാവാണ്
(C) പരേതൻ ഒരു വയസുള്ള ഇരട്ടക്കുട്ടികളുടെ പിതാവാണ്
(D) പരേതൻ ഒരു വയസുള്ള രണ്ട് ഇരട്ടക്കുട്ടികളുടെ പിതാവാണ്

**SPACE FOR ROUGH WORK**

**SPACE FOR ROUGH WORK**

**FINAL ANSWER KEY**
**Question Paper Code:97/2025 M**
**Question Paper Medium:Malayalam**
**Category Code:527/2024**
**Name Of Post & Department:Assistant Salesman (TVM,PTA,KTM,TSR,MLP,KKD) 527/2024**
**Date Of Test:02-Aug-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | D | B | A |
| 2 | B | B | A | X |
| 3 | D | A | X | C |
| 4 | B | X | C | B |
| 5 | A | C | B | D |
| 6 | X | B | D | B |
| 7 | A | A | D | C |
| 8 | B | D | C | D |
| 9 | A | C | D | A |
| 10 | D | D | A | B |
| 11 | C | A | B | A |
| 12 | D | B | A | D |
| 13 | X | C | A | D |
| 14 | B | A | D | B |
| 15 | C | D | B | A |
| 16 | A | B | A | X |
| 17 | D | A | X | B |
| 18 | B | X | B | C |
| 19 | A | B | C | A |
| 20 | B | D | B | C |
| 21 | C | A | X | C |
| 22 | A | B | C | B |
| 23 | D | X | C | A |
| 24 | A | C | B | C |
| 25 | B | C | A | D |
| 26 | X | B | C | X |
| 27 | C | A | D | B |
| 28 | C | C | X | C |
| 29 | B | D | B | A |
| 30 | A | X | C | D |
| 31 | C | B | A | A |
| 32 | D | C | D | B |
| 33 | X | A | A | X |
| 34 | D | A | C | C |
| 35 | B | X | A | A |
| 36 | A | C | C | D |
| 37 | X | A | A | B |
| 38 | C | C | D | A |
| 39 | A | A | B | X |
| 40 | C | D | A | C |
| 41 | A | B | X | A |
| 42 | C | A | B | D |
| 43 | A | B | D | C |
| 44 | B | D | C | C |
| 45 | D | C | C | A |
| 46 | C | C | A | B |
| 47 | C | A | B | C |
| 48 | A | B | C | C |
| 49 | A | C | C | A |
| 50 | B | C | A | A |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | C | A | A | B |
| 52 | D | B | A | C |
| 53 | D | A | C | B |
| 54 | B | C | B | C |
| 55 | A | B | C | D |
| 56 | C | C | D | D |
| 57 | B | D | D | B |
| 58 | C | D | B | A |
| 59 | C | A | B | C |
| 60 | D | B | C | C |
| 61 | A | C | C | D |
| 62 | B | C | D | A |
| 63 | C | D | A | B |
| 64 | B | A | C | A |
| 65 | X | B | A | C |
| 66 | A | C | C | B |
| 67 | B | A | B | X |
| 68 | C | C | X | A |
| 69 | A | B | A | B |
| 70 | C | X | B | C |
| 71 | B | A | D | A |
| 72 | C | C | C | B |
| 73 | A | D | A | D |
| 74 | C | C | B | D |
| 75 | D | A | D | B |
| 76 | C | B | D | C |
| 77 | A | D | B | A |
| 78 | B | D | C | C |
| 79 | D | B | A | D |
| 80 | D | C | C | C |
| 81 | C | C | A | B |
| 82 | A | D | C | D |
| 83 | C | A | B | A |
| 84 | D | C | D | C |
| 85 | A | B | A | C |
| 86 | C | D | C | A |
| 87 | B | A | C | C |
| 88 | D | C | A | D |
| 89 | A | C | C | A |
| 90 | C | A | D | C |
| 91 | C | D | A | A |
| 92 | B | D | B | B |
| 93 | D | A | A | C |
| 94 | D | B | B | C |
| 95 | A | A | C | C |
| 96 | B | B | C | B |
| 97 | A | C | C | D |
| 98 | B | C | B | D |
| 99 | C | C | D | A |
| 100 | C | B | D | B |

'X' denotes deletion

Approved For Publication
Sd/-
Section officer